**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3055** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നികത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനായി വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി അവസാനിക്കാറാകുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് സ്പെഷ്യൽ വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ